KOCHI, SATURDAY, NOVEMBER 29, 2014

THE HINDU

INDIA'S NATIONAL NEWSPAPER SINCE 1878

# Glimpses into prehistoric rock art

Nidhi Surendranath

**KOCHI:** Rock art is, perhaps, among the earliest examples of mankind's creative ability and efforts at communication. An exhibition that opened at the Hill Palace Museum at Tripunithura on Friday gives visitors a glimpse of fascinating prehistoric rock art images from all over the world.

The exhibition, organised by the Indira Gandhi National Centre for the Arts, Centre for Heritage Studies, and Union Christian College, Aluva, features a collection of over 100 photographs of petroglyphs, which are images carved or pecked onto rock, and pictographs, which are painted images. Hundreds of students and art and history enthusiasts visited the exhibition on the first day. The exhibition is an attempt to introduce prehistoric rock art to students and the public.



*Images on display at the rock art exhibition at Hill Palace, Tripunithura.* - PHOTO: THULASI KAKKAT

The exhibition looks at the different kinds of rock art all over the world, including those created before 10,000 years. While some of the images are of simple drawings consisting of a few lines, others are more ornate. They depict everything from hunting processes, good and evil spirits, masks, human figures, geometrical designs, and even stencils of the human hand.

"Pre-historic rock art is the earliest, most powerful, most enchanting cultural expression of man's humanity. It is the universal language of man before he created script and before he created the Vedas and the Bible," eminent historian M.G.S. Narayanan said. "In Edakkal, we have giant size human figures with elaborate head dress engraved in a stylized manner. The head dress resembles that of Theyyam figures of North Malabar," Mr. Narayanan said in a synopsis to his lecture on Rock Art of Kerala. A lecture by K. Krishnan will be held at the CHS auditorium at Hill Palace at 2 p.m. on Saturday.

# State

PAGE 5

DECCAN CHRONICLE | SATURDAY I 29 NOVEMBER 2014 | KOCHI




Children curiously watch rock art exhibition, organised by Centre for Heritage Studies at Hill Palace in Kochi on Friday —DC

Exhibition of Rock Art.

2014 നവംബർ 29 ശനി

മെട്രോ




തൃപ്പൂണിത്തുറ ഹിൽ പാലസിൽ വേൾഡ് റോക്ക് ആർട് എക്സിബിഷൻ മന്ത്രി കെ. ബാബു ഉദ്ഘാടനം ചെയ്യുന്നു. പി.കെ. ഗോപി, കെ.ആർ. സോന, തിലോത്തമ സുരേഷ്, സി.കെ. ശശി, ബി.എൽ. മല്ല, മന്ത്രി അനൂപ് ജേക്കബ്, ആർ. വേണുഗോപാൽ, കെ.ജി. പൗലോസ്, രാമരാജൻ എന്നിവർ സമീപം.

# ശിലാചിത്ര പ്രദർശനം തുടങ്ങി

തൃപ്പൂണിത്തുറ • ആദിമ മനുഷ്യർ പാറയിൽ കോറിയ രൂപങ്ങളുടെ വിപുലമായ ഫോട്ടോ ശേഖരവുമായി ന്യൂഡൽഹി ഇന്ദിരാഗാന്ധി നാഷനൽ സെന്റർ ഫോർ ദി ആർട്സിന്റെ ശിലാചിത്ര പ്രദർശനം ഹിൽപാലസിൽ തുടങ്ങി. ഹിൽപാലസ് സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസും ആലുവ യുസി കോളജും ചേർന്നാണു പ്രദർശനം സംഘടിപ്പിക്കുന്നത്. റോക്ക് ആർട്ട് എക്സിബിഷൻ 2014, മന്ത്രി കെ. ബാബു ഉദ്ഘാടനം ചെയ്തു.

മന്ത്രി അനൂപ് ജേക്കബ് അധ്യക്ഷത വഹിച്ചു. ഹെറിറ്റേജ് സ്റ്റഡീസ് ഡയറക്ടർ ജനറൽ എം.ജി.എസ് നാരായണൻ, പ്രോജക്ട് ഡയറക്ടർ ബി.എൽ. മല്ല, നഗരസഭ ചെയർമാൻ ആർ. വേണുഗോപാൽ, കലാമണ്ഡലം മുൻ വൈസ് ചാൻസലർ കെ.ജി. പൗലോസ്, ആർക്കിയോളജി ഡയറക്ടർ ജി. പ്രേംകുമാർ, ആലുവ യുസി കോളജ് പ്രിൻസിപ്പൽ എ. ബെന്നി ചെറിയാൻ, കൗൺസിലർ സി.കെ. ശശി, സിഎച്ച്എസ് അക്കാദമിക് ഡീൻ രാമരാജൻ എന്നിവർ പ്രസംഗിച്ചു.

സ്കൂൾ കുട്ടികൾക്കു ശിലാചിത്രങ്ങളെപ്പറ്റിയുള്ള ശിൽപശാലയും നടന്നു.

തിങ്കൾ ഒഴികെ 10 മുതൽ അഞ്ചു വരെ പ്രദർശനം ഉണ്ടാകും. പ്രവേശനം സൗജന്യം. ഡിസംബർ 28ന് സമാപിക്കും.

Rock Art Exhibition at Hill Palace.


മാതൃഭൂമി

EA

www.mathrubhumi.com Mathrubhumi, The National Daily in Malayalam




ഹിൽപ്പാലസിൽ റോക്ക് ആർട്ട് എക്സിബിഷൻ മന്ത്രി കെ. ബാബു ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി അനൂപ് ജേക്കബ്, പ്രൊഫ. എം.ജി.എസ്. നാരായണൻ, ഡോ. ജി. പ്രേംകുമാർ, ഡോ. കെ.ജി. പൗലോസ് തുടങ്ങിയവർ സമീപം

# റോക്ക് ആർട്ട് എക്സിബിഷൻ ഹിൽപ്പാലസിൽ തുടങ്ങി

**തൃപ്പൂണിത്തുറ:** ചരിത്രാതീത കാലത്തെ പാറച്ചിത്രങ്ങളുടെ പ്രദർശനം റോക്ക് ആർട്ട് എക്സിബിഷൻ-2014 ഹിൽപ്പാലസ് മ്യൂസിയം ഓഡിറ്റോറിയത്തിൽ തുടങ്ങി. ഏഷ്യ, ആഫ്രിക്ക, അമേരിക്ക തുടങ്ങിയ ഇടങ്ങളിലെ 250 പാറച്ചിത്രങ്ങളുടെ പകർപ്പുകളാണ് പ്രദർശിപ്പിച്ചിട്ടുള്ളത്.

കേരളത്തിലെ എടയ്ക്കൽ ഗുഹാചിത്രങ്ങളും ഇക്കൂട്ടത്തിലുണ്ട്. ഡിസംബർ 28 വരെ നീണ്ടുനിൽക്കുന്ന പ്രദർശനം മന്ത്രി കെ. ബാബു ഉദ്ഘാടനം ചെയ്തു. മന്ത്രി അനൂപ് ജേക്കബ് അധ്യക്ഷത വഹിച്ചു. സി.എച്ച്.എസ്. ഡയറക്ടർ ജനറൽ പ്രൊഫ. എം.ജി.എസ്. നാരായണൻ മുഖ്യപ്രഭാഷണം നടത്തി.

ഐ.ജി.എൻ.സി.എ. പ്രോജക്ട് ഡയറക്ടർ ഡോ. ബി.എൽ. മല്ല, നഗരസഭാ ചെയർമാൻ ആർ. വേണുഗോപാൽ, പുരാവസ്തു വകുപ്പ് ഡയറക്ടർ, ഡോ. ജി. പ്രേംകുമാർ, ഡോ. കെ.ജി. പൗലോസ്, ആലുവ യു.സി. കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നി ചെറിയാൻ, നഗരസഭാ കൗൺസിലർ സി.കെ. ശശി, സി.എച്ച്.എസ്. അക്കാദമിക് ഡീൻ പ്രൊഫ. രമാരാജൻ എന്നിവർ പ്രസംഗിച്ചു. ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി നാഷണൽ സെൻറർ ഫോർ ദി ആർട്സ്, തൃപ്പൂണിത്തുറ സെൻറർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, ആലുവ യു.സി.കോളേജ് എന്നിവ ചേർന്നാണ് പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്. ദിവസവും രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് പ്രദർശനം. പ്രവേശനം സൗജന്യമാണ്.

Rock Art Exhibition at Hill Palace.


# മംഗളം

PUBLISHED FROM KOTTAYAM, KOZHIKODE, KOCHI, THIRUVANANTHAPURAM, THRISSUR, IDUKKI AND KANNUR




■ ഹിൽപ്പാലസ് മ്യൂസിയത്തിൽ ആരംഭിച്ച ശിൽപകലാ പ്രദർശനം മന്ത്രി കെ.ബാബു ഉദ്ഘാടനം ചെയ്യുന്നു.

## ഹിൽപ്പാലസ് മ്യൂസിയത്തിൽ ശിൽപകലാ പ്രദർശനം ആരംഭിച്ചു

തൃപ്പൂണിത്തുറ: സെന്റർഫോർ ഹെറിറ്റേജ് സ്റ്റഡീസ് ഇന്ദിരാ ഗാന്ധി നാഷണൽ ആർട്ട്സെന്റർ, ആലുവ യു.സി കോളജ് എന്നിവർ സംയുക്തമായി സംഘടിപ്പിച്ച ശിൽപകലാ പ്രദർശനവും ശിൽപശാലയും ഹിൽപ്പാലസ് മ്യൂസിയത്തിൽ ആരംഭിച്ചു. മന്ത്രി കെ.ബാബു പ്രദർശനം ഉദ്ഘാടനം ചെയ്ത.

മന്ത്രി അനൂപ് ജേക്കബ്, പ്രോജക്ട് ഡയറക്ടർ ഡോ. ബി.എൽ.മല്ല, നഗരസഭ ചെയർമാൻ ആർ.വേണുഗോപാൽ, സി.എച്ച്.എസ്.രജിസ്ട്രാർ കെ.ആർ.സോന, പ്രൊഫ. രമരാജൻ, ഡോ.കെ.ജി.പൗലോസ്, പ്രോജക്ട് കോ-ഓഡിനേറ്റർ പി.കെ.ഗോപി, നഗരസഭ വൈസ് ചെയർപേഴ്സൺ തിലോത്തമ്മ സുരേഷ്, കൗൺസിലർ സി.കെ.ശശി എന്നിവർ പ്രസംഗിച്ചു. പ്രദർശനം ഡിസംബർ 28ന് സമാപിക്കും.

29
ശനി
നവംബർ 2014
പേജ് 16

THE FIRST INTERNATIONAL INDIAN NEWSPAPER

മാധ്യമം

ESTD 1987

Importance of Rock Art Research: By Prof. M.G.S Narayanan

# പക്ഷിപ്പനി: ഉപജീവനമാർഗം മുട്ടി ആയിരങ്ങൾ

എം.കെ.എം ജാഫർ

കൊച്ചി: കലൂർ മാർക്കറ്റിലെ ഒന്നു രണ്ട് കോഴിക്കടകൾ മാത്രമാണ് തുറന്നിരുന്നത്. ആളൊഴിഞ്ഞ കടക്കുള്ളിൽ, കഴിഞ്ഞ ദിവസങ്ങളിലെ തിരക്കോർത്ത് കച്ചവടക്കാർ ഇരുന്നു. അപ്രതീക്ഷിതമായി ആയുസ്സ് നീട്ടിക്കിട്ടിയതിന്റെ കാരണമാലോചിച്ച് എന്നത്തെയുംപോലെ ഇരുമ്പ് കമ്പിക്കൂടിനുള്ളിൽ ഏതാനും ഇറച്ചിക്കോഴികളും. തൊട്ടടുത്ത ബീഫ് സ്റ്റാളുകളിൽ പതിവില്ലാത്ത തിരക്ക്. വില ചോദിച്ചപ്പോൾ ഉടൻ വന്നു മറുപടി 'കിലോ 240 രൂപ'. കഴിഞ്ഞ ദിവസംവരെ 230 ആയിരുന്നല്ലോ എന്ന് ചോദിച്ചപ്പോൾ, അടുത്ത മറുപടി വന്നു 'ക്രിസ്മസിന് ഇനിയും കൂടും'. പക്ഷിപ്പനി മുതലെടുക്കുകയാണല്ലേ എന്ന് ചോദിച്ചപ്പോഴുമുണ്ടായി മറുപടി; 'കഴിഞ്ഞ ക്രിസ്മസിന് കുളമ്പുരോഗം കാരണമായി അറവ് നിരോധിച്ചതിനാൽ ബീഫ് സ്റ്റാളുകൾ അടഞ്ഞുകിടന്നിരുന്നു. അന്ന് നിങ്ങളെയൊന്നും കണ്ടില്ലല്ലോ'. പക്ഷിപ്പനിബാധ മാംസ വിപണിയിലുണ്ടാക്കിയ ചലനങ്ങൾ ഇങ്ങനെ. എറണാകുളം നഗരത്തിന് ചുറ്റുവട്ടമുള്ള പ്രദേശങ്ങളിലെ കോഴിക്കടകൾ പലതും ഇതിനകം അടച്ചുകഴിഞ്ഞു. ബാക്കിയുള്ളവ പുതിയ സ്റ്റോക്ക് എടുക്കുന്നുമില്ല. നിലവിലുള്ള സ്റ്റോക്ക് തീർന്നാൽ തൽക്കാലത്തേക്ക് കടയടക്കുമെന്ന് കച്ചവടക്കാർ പറയുന്നു. തുറന്നിരുന്ന ഒരു കടയിൽ വില അന്വേഷിച്ചപ്പോൾ, 'എത്ര കിലോ വേണം; വില നമുക്ക് അഡ്ജസ്റ്റ് ചെയ്യാം' എന്നായിരുന്നു മറുപടി. മറ്റ് സാധനങ്ങൾ പോലെയല്ല, ഇറച്ചിക്കോഴി സ്റ്റോക്ക് ഇരിക്കുന്തോറും കച്ചവടക്കാർക്ക് ചെലവ് ഏറിക്കൊണ്ടിരിക്കും. കോഴിക്ക് തീറ്റയും പരിചരണവുമെല്ലാം നൽകണം. അതുകൊണ്ട് നിലവിലുള്ള സ്റ്റോക്ക് എങ്ങനെയെങ്കിലും വിറ്റുതീർക്കാനുള്ള തിടുക്കത്തിലാണ് ചില്ലറ കച്ചവടക്കാർ. പല കോഴി കടകളിലും ബംഗാൾ തൊഴിലാളികളാണ് സഹായികളായി നിൽക്കുന്നത്. അവർക്ക് അവധി നൽകി നാട്ടിലേക്ക് അയക്കുകയാണ്. ഇപ്പോഴത്തെ അനിശ്ചിതത്വം നീങ്ങിയാൽ വിവരമറിയിക്കാമെന്നും അപ്പോൾ മടങ്ങിവന്നാൽ മതിയെന്നുമുള്ള വ്യവസ്ഥയിലാണ് തിരിച്ചയക്കുന്നത്. കുട്ടനാട്ടിൽനിന്ന് പടർന്നുപിടിച്ച പക്ഷിപ്പനി സംസ്ഥാനത്ത് ആയിരക്കണക്കിന് ആളുകളുടെ ഉപജീവനമാണ് മുട്ടിച്ചത്.

മനുഷ്യരിലേക്കും പകരാൻ സാധ്യതയുള്ള വൈറസാണ് പക്ഷിപ്പനി ബാധയിലുള്ളതെന്ന വാർത്ത പരന്നതോടെ നാട്ടുകാർ ചിക്കൻ വിഭവങ്ങൾ ഉപേക്ഷിക്കാൻ തുടങ്ങിയതാണ് പ്രതിസന്ധിക്ക് കാരണം. ആവശ്യക്കാരില്ലാത്തതിനാൽ രണ്ടുദിവസമായി പല ഹോട്ടലുകളും ചിക്കൻ ബിരിയാണി വിൽപന നിർത്തി.

പുതുതലമുറയുടെ ഹരമായി മാറിയിരുന്ന ബാർബിക്യൂ ചിക്കനും മറ്റും ആവശ്യകത കുറഞ്ഞു. ഓംലെറ്റിനും ആവശ്യക്കാർ കുറഞ്ഞതായി തട്ടുകടകൾ നടത്തുന്നവർ പറയുന്നു. മൊത്ത വിപണിയിൽ മുട്ട വില കുറഞ്ഞിട്ടില്ല. വെള്ളിയാഴ്ച എറണാകുളം മാർക്കറ്റിൽ കോഴിമുട്ട വില 4.40 രൂപയായിരുന്നു. പ്രത്യേക കാർട്ടണിലാക്കി നൽകുമ്പോൾ മുട്ടയൊന്നിന് അഞ്ചു രൂപ വിലവരും. തമിഴ്നാട്ടിൽനിന്ന് എത്തിക്കുന്ന മുട്ടക്ക് ആവശ്യക്കാരുണ്ടെന്ന് വ്യാപാരികൾ പറയുന്നു. അതേസമയം, തമിഴ്നാട്ടിൽ നിന്നുതന്നെയാണ് കോഴിയും എത്തുന്നതെങ്കിലും അതിനോട് സാധാരണക്കാർ മുഖംതിരിച്ച് നിൽക്കുകയാണ്.

കോഴിക്ക് ഡിമാൻഡ് കുറഞ്ഞതോടെ മാട്ടിറച്ചിക്കും മീനിനും ആവശ്യകത വർധിക്കുകയും ചെയ്തു. ഞായറാഴ്ച നടക്കാനിരിക്കുന്ന വിവാഹസദ്യകൾക്ക് മുൻകൂട്ടി ചിക്കൻ പറഞ്ഞുവെച്ചിരുന്നവർ, അത് മാറ്റി മാട്ടിറച്ചിയാക്കി മാറ്റുന്നുമുണ്ട്.

29
2014 നവംബർ
ശനി
1190 വൃശ്ചികം 13

ദേശാഭിമാനി

Pre-historic Rock Art Exhibition Started.

# ചരിത്രാതീതകാലത്തെ ശിലാ ചിത്രപ്രദർശനം തുടങ്ങി

തൃപ്പൂണിത്തുറ: തൃപ്പൂണിത്തുറ ഹിൽപാലസ് സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസും ന്യൂഡൽഹി ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ദി ആർട്സും ആലുവ യുസി കോളേജും സംയുക്തമായി സംഘടിപ്പിച്ച ചരിത്രാതീതകാലത്തെ ശിലാ ചിത്രപ്രദർശനം (റോക്ക് ആർട്ട് എക്സിബിഷൻ-2014) ഹിൽപാലസ് മ്യൂസിയത്തിൽ ആരംഭിച്ചു. മന്ത്രി കെ ബാബു ഉദ്ഘാടനം നിർവഹിച്ചു. ഐജിഎൻസിഎ പ്രോജക്ട് ഡയറക്ടർ ഡോ. ബി എൽ മല്ല എക്സിബിഷൻ സംബന്ധിച്ച് വിശദീകരണം നൽകി. സിഎച്ച്എസ് ഡയറക്ടർ ജനറൽ എം ജി എസ് നാരായണൻ, നഗരസഭാ ചെയർമാൻ ആർ വേണുഗോപാൽ, ഡോ. കെ ജി പൗലോസ്, പുരാവസ്തു ഡയറക്ടർ ഡോ. ജി പ്രേംകുമാർ, യുസി കോളേജ് പ്രിൻസിപ്പൽ ഡോ. ബെന്നി ചെറിയാൻ എന്നിവർ സംസാരിച്ചു. നഗരസഭാ കൗൺസിലർ സി കെ ശശി സ്വാഗതവും പ്രൊഫ. രമ രാജൻ നന്ദിയും പറഞ്ഞു.

തുടർന്ന് വിദ്യാർഥികൾക്കായി ശിലാ ചിത്രങ്ങളെപ്പറ്റിയുള്ള ശിൽപ്പശാല നടത്തി. പ്രദർശനത്തിന്റെ ഭാഗമായി യുസി കോളേജിൽ 'കേരളത്തിലെ ശിലാ ചിത്രങ്ങൾ' എന്ന വിഷയത്തിൽ പ്രൊഫ. എം ജി എസ് നാരായണൻ പ്രഭാഷണം നടത്തി. ഡിസംബർ 28 വരെ നടക്കുന്ന പ്രദർശനം തിങ്കൾ ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ 10 മുതൽ അഞ്ചുവരെ നടക്കും. പ്രവേശനം സൗജന്യം.




ഹിൽപാലസ് മ്യൂസിയത്തിൽ ആരംഭിച്ച ശിലാ ചിത്രപ്രദർശനം മന്ത്രി കെ ബാബു ഉദ്ഘാടനംചെയ്യുന്നു